"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം -പോത്തൻകോട് ബ്ലോക്കിലെ ഹെഡ് അക്കൗണ്ടന്റ്, ശ്രീമതി രഞ്ജു വി ജി -യ്ക്ക് 07/09/2023 മുതൽ 05/12/2023 വരെ പ്രത്യേക അവശത അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1065/2024/LSGD തീയതി,തിരുവനന്തപുരം, 18-06-2024**

---

പരാമർശം:-

1. പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 05/09/2023, 18/10/2023 തീയതികളിലെ ബി പി1/1373/2023/പി റ്റി സി ഡി നമ്പർ ഉത്തരവ്.
2. ശ്രീമതി. രഞ്ജു വി ജി -യുടെ 17/11/2023 തീയതിയിലെ അപേക്ഷ.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 25/03/2024-ലെ LSGD/PD/9929/2024-DEB4 നമ്പർ കത്ത്.

**ഉത്തരവ്**

പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിൽ പൊതു സ്ഥലംമാറ്റം വഴി ഹെഡ് അക്കൗണ്ടൻറായി 05/09/2023-ന് ജോലിയിൽ പ്രവേശിച്ച ശ്രീമതി. രഞ്ജു വി ജി, ഹെഡ് ക്ലർക്കിന്റെ ചാർജ് കൈമാറുന്നതിനായി മുൻപ് സേവനമനുഷ്ഠിച്ചിരുന്ന വർക്കല ബ്ലോക്കിലേയ്ക്ക് പോകുന്ന വഴിക്ക് അപകടം സംഭവിക്കുകയും ടി അപകടത്തെത്തുടർന്നുള്ള ചികിത്സയ്ക്കായി 07/09/2023 മുതൽ 05/12/2023 വരെ ടിയാൻ പരിവർത്തിതാവധിയിൽ പ്രവേശിക്കുകയുമുണ്ടായി. ഇതുമായി ബന്ധപ്പെട്ട് മെഡിക്കൽ സർട്ടിഫിക്കറ്റും മേലധികാരിയുടെ സാക്ഷ്യപത്രവും സമർപ്പിച്ചിട്ടുണ്ട്. ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി നടത്തിയ യാത്രയ്ക്കിടയിൽ സംഭവിച്ച അപകടമായതിനാൽ പ്രസ്തുത കാലയളവിലേയ്ക്ക് പ്രത്യേക അവശത അവധി അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ടിയാൻ അപേക്ഷ സമർച്ചിരുന്നു. പ്രസ്തുത ലീവ് കെ.എസ്.ആർ ഭാഗം 1 ചട്ടം 98 പ്രകാരം അനുവദിക്കുന്നതിന് അനുകൂലമായി ശിപാർശ ചെയ്തുകൊണ്ട് ടി അപേക്ഷ അനുബന്ധ രേഖകൾ സഹിതം പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിലേയ്ക്ക് അയച്ചു നൽകുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി. രഞ്ജു വി ജി, ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി 07/09/2023-ന് നടത്തിയ യാത്രാമദ്ധ്യേയാണ് അപകടം സംഭവിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും

ഡ്യൂട്ടിക്കിടയിലാണ് അപകടം സംഭവിച്ചത് എന്നത് സംബന്ധിച്ചുള്ള മേലധികാരിയുടെ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ പോത്തൻകോട് ബ്ലോക്കിലെ ഹെഡ് അക്കൗണ്ടന്റ്, ശ്രീമതി രഞ്ജു വി ജി -യ്ക്ക് 07/09/2023 മുതൽ 05/12/2023 വരെയുള്ള കാലയളവിലേക്ക് കെ.എസ്.ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശത അവധി അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEEJA R S

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.

ശ്രീമതി. രഞ്ജു വി ജി, ഹെഡ് അക്കൗണ്ടന്റ്, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്.

സെക്രട്ടറി, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.

(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 19-06-2024 10:45:54

സെക്ഷൻ ഓഫീസർ